(ബി) കേടായ വാട്ടർ മീറ്റർ മാറ്റാത്ത ഉപഭോക്താക്കൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ആകെ എത്ര ഗാർഹിക ഉപഭോക്താക്കളാണ് ഉള്ളത് ; അതിൽ എത്ര ഗാർഹിക ഉപഭോക്താക്കളുടെ വാട്ടർ മീറ്ററാണ് പ്രവർത്തന രഹിതമായിട്ടുള്ളത് ;

(ഡി) കേടായ വാട്ടർ മീറ്റർ മാറ്റാത്ത ഉപഭോക്താക്കളിൽ നിന്ന് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന വെള്ളത്തിന്റെ ഇരട്ടിവില ഈടാക്കാൻ വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇങ്ങനെ ഒരു തീരുമാനമെടുക്കാൻ വാട്ടർ അതോറിറ്റിയെ പ്രേരിപ്പിച്ച ഘടകമെന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേടായ വാട്ടർ മീറ്റർ മാറ്റി സ്ഥാപിക്കേണ്ടത് ഉപഭോക്താവിന്റെ ഉത്തരവാദിത്വമാണ്. കേടായ വാട്ടർ മീറ്ററുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവ മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും നോട്ടീസ് നൽകിവരുന്നു. ഇതിൻപ്രകാരം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാത്ത ഉപഭോക്താക്കളുടെ മേൽ നിയമം അനുശാസിക്കുന്ന വെള്ളക്കര സർചാർജ്ജ് ചുമത്തുന്നു. അതോറിറ്റിയിൽ മീറ്ററുകൾ ലഭ്യമാണെങ്കിൽ അവ സ്ഥാപിച്ചുകൊണ്ട് അതിൻമേൽ മീറ്റർ വാടക ഈടാക്കുന്നു.

(ബി) അത്തരം ഉപഭോക്താക്കളിൽ നിന്നും വെള്ളക്കര സർചാർജ്ജ് ഈടാക്കുന്നു. സർചാർജ്ജ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള സമയപരിധി കഴിഞ്ഞിട്ടും മീറ്റർ പുനഃസ്ഥാപിച്ചില്ലെങ്കിൽ പ്രസ്തുത കണക്ഷനുകൾ വിച്ഛേദനത്തിന് വിധേയമാക്കുന്നതാണ്.

(സി) കേരള വാട്ടർ അതോറിറ്റിയിൽ 31-1-2005-ലെ കണക്കുപ്രകാരം 8,94,296 ഗാർഹിക കണക്ഷനുകൾ നിലവിലുണ്ട്. ഇതിൽ 40 മുതൽ 45% വരെ മീറ്ററുകൾ പ്രവർത്തനരഹിതമായിട്ടുള്ളതാണെന്ന് അനുമാനിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) പ്രവർത്തനരഹിതമായ മീറ്ററുകൾ നിലനിൽക്കുകയാണെങ്കിൽ ശുദ്ധജലം ദുരുപയോഗപ്പെടുത്തുന്നത് വർദ്ധിക്കുവാനുള്ള സാദ്ധ്യത കൂടുതലായതിനാൽ ഇത് ഒഴിവാക്കുന്നതിനായിട്ടാണ്.

കാലിക്കറ്റ് വാട്ടർ സപ്ലൈ സ്കീം

71 (3280) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'കാലിക്കറ്റ് വാട്ടർ സപ്ലൈ സ്കീം' ഓഗ്മെന്റേഷൻ സ്റ്റേജ് II-ന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുവേണ്ടി ഏതെല്ലാം ഏജൻസികളിൽ നിന്നാണ് ലോൺ എടുത്തിട്ടുള്ളത് എന്നും എത്ര തുക ലോൺ എടുത്തു എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ചാൽ കോഴിക്കോട് നഗരത്തിലെ ജലവിതരണം എത്ര കണ്ട് വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഇ) കുളിമാട് നിന്നുള്ള പമ്പിംഗ് സ്റ്റേഷനുവേണ്ടി വൈദ്യുതി ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി.-ക്ക് എന്ത് അപേക്ഷ നൽകി എന്ന് വ്യക്തമാക്കുമോ;

(എഫ്) വൈദ്യുതി ലഭ്യമാക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി എത്രതുക കെഎസ്ഇബി-യിൽ അടയ്ക്കേണ്ടതായിട്ടുണ്ട്; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ജി) കെ.എസ്.ഇ.ബി.-ക്ക് നല്കാനുള്ള പണം അടച്ച് ഓഗ്മെന്റേഷൻ സ്റ്റേജ് II-ന് ആവശ്യമായ വൈദ്യുതി ലഭ്യമാക്കി പ്രസ്തുത പദ്ധതി അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എൽ.ഐ.സി.-യിൽ നിന്നും 455 ലക്ഷം രൂപയും ഹഡ്കോയിൽ നിന്നും 591.97 ലക്ഷം രൂപയും ലോൺ എടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് :

1. കുളിമാടിൽ 175 HPശക്തിയുള്ള രണ്ട് പമ്പ്സെറ്റ് സ്ഥാപിക്കൽ (നോ വാട്ടർ)
2. കുളിമാട് സബ് സ്റ്റേഷനിലേക്കുള്ള പവർലൈൻ ദീർഘിപ്പിക്കൽ
3. കുളിമാട് ട്രീറ്റ്മെന്റ് പ്ലാന്റിൽ 500 എം.എം.ഡി.ഐ.റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ
4. കുളിമാടിൽ 18 എം.എൽ.ഡി. ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കൽ
5. കുളിമാടിൽ 7.5 ലക്ഷം ലിറ്റർ ശേഷിയുള്ള സമ്പ് ആന്റ് പമ്പ് ഹൗസ് നിർമ്മിക്കൽ
6. കുളിമാടിൽ 145 എച്ച്.പി.-യുള്ള മൂന്ന് ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കൽ
7. കുളിമാടിൽ 500 എം.എം.ഡി.ഐ. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ
8. 0.75 മില്യൺ ലിറ്റർ സംഭരണ ശേഷിയുള്ള ഒരു ഉപരിതല ടാങ്ക് നിർമ്മിക്കൽ (ഉന്നതതല ടാങ്ക്)

LIBRARY ARCHIVES Kerala Legislative Assembly

9. കുളിമാട് മുതൽ കുറ്റിക്കാട്ടൂർ വരെ കേട് വന്ന 700 എം.എം. പ്രിമോ പൈപ്പ് മാറ്റി 500 എം.എം. കാസ്റ്റ് അയേൺ പൈപ്പ് സ്ഥാപിക്കൽ

10. കുറ്റിക്കാട്ടൂരിൽ 7.5 ലക്ഷം സംഭരണ ശേഷിയുള്ള സമ്പും പമ്പ് ഹൗസും നിർമ്മിക്കൽ

11. കുറ്റിക്കാട്ടൂരിൽ പമ്പ് സെറ്റ് സ്ഥാപിക്കൽ (145 HP 3 Nos)

12. കുറ്റിക്കാട്ടൂരിൽ പവർ ലൈൻ ദീർഘിപ്പിക്കലും ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കലും

13. കുറ്റിക്കാട്ടൂർ മുതൽ കോവൂർ വരെ 2.1 കി.മീ. ദൂരത്തിൽ 600 എം.എം. കാസ്റ്റ് അയേൺ പൈപ്പ് പുതുതായി സ്ഥാപിക്കൽ

14. കുറ്റിക്കാട്ടൂർ മുതൽ വെള്ളിപ്പറമ്പ് വരെ 1.370 കി.മീ. ദൂരത്തിൽ 500 എം.എം.ഡി.ഐ. പൈപ്പ് സ്ഥാപിക്കൽ.

(സി) 18 എം.എൽ.ഡി. (18 മില്യൺ ലിറ്റർ) വെള്ളം ദിവസവും കൂടുതൽ ലഭിക്കും.

(ഡി) ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി 2005 ഡിസംബർ മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) 26-3-1996-ൽ.

(എഫ്) പവർ അലോക്കേഷന് അടയ്ക്കേണ്ട തുക എത്രയെന്ന് കെ.എസ്.ഇ.ബി. അറിയിച്ചിട്ടില്ല.

(ജി) വൈദ്യുതി ബോർഡിൽ നിന്നും ഡിമാന്റ് നോട്ടീസ് ലഭിച്ചാൽ പണം അടയ്ക്കാൻ അടിയന്തരനടപടി സ്വീകരിക്കുന്നതാണ്. വൈദ്യുതി ലഭിച്ചാൽ പദ്ധതി നടപ്പിലാക്കാൻ കാലതാമസമുണ്ടാകില്ല.

ഭാരതപ്പുഴ ഉറവിടമാക്കി കുടിവെള്ള പദ്ധതികൾ

72 (3281) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതപ്പുഴ ഉറവിടമാക്കി എത്ര കുടിവെള്ള പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ വഴി എത്രപേർക്ക് കുടിവെള്ളം ലഭ്യമാക്കുന്നു എന്നു വ്യക്തമാക്കാമോ ;

(സി) വേനൽക്കാലത്ത് ഭാരതപ്പുഴയിൽ നീരൊഴുക്ക് കുറഞ്ഞ് കുടിവെള്ള വിതരണത്തിന് തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly